യോഹ 5:19 – 29

ഫെബ്രുവരി 08 : ആനീദെ ഞായർ

ഭാഷ്യം

യോഹ 5:19 – 29

I. സന്ദർഭം

ബേത്സഥായിലെ കുളക്കരയിൽ കിടന്നിരുന്ന തളർവാതരോഗിയെ സാബത്തുദിവസം സുഖപ്പെടുത്തിയതിനാൽ യേശു വിമർശിക്കപ്പെടുന്നു. രോഗസൗഖ്യം മാത്രമല്ല ജീവൻ നൽകാൻ കൂടി കഴിവുള്ളവനാണ് ദൈവപുത്രനായ താൻ എന്ന് യേശു യഹൂദജനതയെ ബോധ്യപ്പെടുത്തുന്നതാണ് സന്ദർഭം.

II. പ്രമേയം

ക്രിസ്തുവും പിതാവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ സൂചിപ്പിക്കുന്നതാണ് ഇവിടുത്തെ പ്രമേയം. യേശുവിന്റെ മിശിഹാത്വം കൂടുതൽ മനസ്സിലാക്കാനുള്ള സന്ദർഭമാണിത്. ജീവൻ നൽകാൻ വന്നവനാണ് താനെന്നും, തന്റെ ദൗത്യനിർവഹണം പിതാവിനെ ആശ്രയിച്ചിരിക്കുന്നുവെന്നും അവിടുന്നു വ്യക്തമാക്കുന്നു. പിതാവിൽ നിന്ന് അകന്ന് തനിക്കൊരു വ്യക്തിത്വമില്ല എന്ന ആശയം കേൾവിക്കാരെ ഗ്രഹിപ്പിക്കുകയും ചെയ്യുന്നു.

III. സന്ദേശം

1. പിതാവും യേശുവും തമ്മിലുള്ള ബന്ധം ഭൗമിക പിതാവും പുത്രനും തമ്മിലുള്ള ബന്ധവുമായി താരതമ്യം ചെയ്യുന്നു. ഒരു പിതാവ് തന്റെ പുത്രനെ എപ്രകാരം എല്ലാം ഏൽപ്പിക്കുന്നുവോ അപ്രകാരം തന്നെ യേശുവിനെ പിതാവും എല്ലാം ഭരമേൽപ്പിക്കുന്നു. യോഹന്നാൻ സുവിശേഷകൻ യേശുവിനെ പിതാവിൽ ആശ്രയിക്കുന്ന പുത്രനായിട്ടാണ് ചിത്രീകരിക്കുക: പരിശുദ്ധാത്മാവിന്റെ ദാനങ്ങൾക്കായി (3:34); സാക്ഷ്യത്തിനായി (5:37); ശിഷ്യൻമാർക്കായി (6:37); സന്ദേശം നൽകുന്നതിനായി (7:16); ദൗത്യനിർവ്വഹ ണത്തിനായി (7:28); അറിവിനായി (8:16); നയിക്കപ്പെടാനായി (11:9); നിർദ്ദേശ ങ്ങൾക്കായി (14:31); അധികാരത്തിനായി (17:2); മഹത്വത്തിനായി (17:24) യേശു പിതാവിനോട് പ്രാർത്ഥിക്കുന്നു. പിതാവിന് തന്നെത്തന്നെ കീഴ്പ്പെടുത്തുന്ന യേശു,

ദൈവപിതാവിന്റെ മഹത്വത്തെ അംഗീകരിക്കാത്ത മക്കൾക്കു വെല്ലുവിളി ഉയർത്തുന്നു.

2. പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തെ സാധൂകരിക്കുക അവർ തമ്മിലുള്ള സ്നേഹത്തിന്റെ അടിസ്ഥാനത്തിലാണ്. പുത്രനെ സ്നേഹിക്കുന്ന പിതാവ് അവന് സർവ്വ അധികാരവും നൽകിയിരിക്കുന്നു. പിതാവു ചെയ്യുന്ന സർവ്വപ്രവൃത്തികളും പുത്രനും ചെയ്യുന്നു. ആധ്യാത്മികമായി മരിച്ച ജനതയ്ക്ക് ഉണർവേകാൻ യോഹന്നാൻ സുവിശേഷകൻ യേശു ജീവൻ നൽകാൻ വന്നവനാകുന്നു എന്ന് എടുത്തു പറയുന്നു (3:14,16; 3:36; 5:24; 6:54; 11:26; 20:31). നിത്യജീവൻ അവകാശമാക്കാൻ ക്രിസ്തുവിൽ വിശ്വസിക്കണമെന്നു പറയുമ്പോൾ, വിശ്വാസമനുസരിച്ചു ജീവിതം ക്രമപ്പെടുത്താൻ ആഹ്വാനം നൽകുകയാണ് സുവിശേഷകൻ.

ഡോ. തോമസ് മരോട്ടിക്കാപറമ്പിൽ ഒസിഡി

പ്രസംഗം: യേശുവിന്റെ അധികാരം

യോഹന്നാന്റെ സുവിശേഷത്തിലെ ദീർഘമായ പ്രഭാഷണങ്ങളിൽ ആദ്യത്തേതിൽ ഉൾപ്പെടുന്നതാണ് ഈ സുവിശേഷഭാഗം. യേശുവിന്റെ തിരുമൊഴികൾ ധ്യാനിച്ചപ്പോൾ യോഹന്നാനു കിട്ടിയ ഉൾവെളിച്ചം ഓരോ വാക്യത്തിലും അന്തർലീനമാണ്. ജീവന്റെയും മരണത്തിന്റെയും അധികാരിയാണ് യേശു എന്ന് പ്രഘോഷിക്കുകയും പ്രതിഷ്ഠിക്കുകയും ചെയ്യുന്ന തിരുമൊഴികളാണ് ഇവ.

യേശു സാബത്തു ലംഘിക്കുന്നവനും തന്നെത്തന്നെ ദൈവത്തിനു സമനാക്കി ദൈവദൂഷണം പറയുന്നവനുമാണെന്നുള്ള യഹൂദരുടെ ആരോപണത്തിന്റെ പശ്ചാത്തലം ഈ പ്രഭാഷണത്തിനുണ്ട് (5:18). ഈ ആരോപണത്തിനുള്ള മറുപടി കൂടിയാണ് ഓരോ തിരുവചനവും. പഴയനിയമത്തിലെ മിശിഹായെക്കുറിച്ചുള്ള പ്രതീക്ഷകളും പ്രവചനങ്ങളും യേശുവിൽ സാക്ഷാത്ക്കരിക്കപ്പെടുന്നു എന്ന ദർശനവും ഈ വാക്യങ്ങളിലുണ്ട്.

പിതാവും പുത്രനും തമ്മിലുള്ള അവിഭാജ്യമായ ബന്ധം ഉയർത്തിപ്പിടിച്ചുകൊണ്ടാണ് യേശു പ്രബോധനം ആരംഭിക്കുന്നത് (5:19). പിതാവ് പുത്രനിലും പുത്രൻ പിതാവിലുമാണ്. പിതാവും പുത്രനും രണ്ടല്ല, ഒന്നാണ്. പിതാവ് ചെയ്യുന്നതാണ് പുത്രൻ ചെയ്യുന്നത്. പുത്രന് പിതാവിനോടുള്ള പരിപൂർണ്ണമായ ഐക്യമാണ് ഈ തിരുവചനത്തിൽ വികസിതമാകുന്നത്. സുദൃഢവും അവിഭാജ്യവുമായ ഈ ഐക്യമാണ് യേശുവിന്റെ ദൈവത്വത്തിന്റെ ഒന്നാമത്തെ തെളിവ്.

ഈ ഐക്യം സ്നേഹത്തിൽ ഉറപ്പിക്കപ്പെട്ടിരിക്കുന്നു. പിതാവ് പുത്രനെ സ്നേഹിക്കുകയും താൻ ചെയ്യുന്നതെല്ലാം അവനെ കാണിക്കുകയും ചെയ്യുന്നു (5:20). പിതാവിനും പുത്രനും ഇടയിൽ രഹസ്യങ്ങളില്ല. പിതാവു

ചെയ്യുന്ന പ്രവൃത്തികൾ തന്നെ യേശു ചെയ്യുന്നതുകൊണ്ട് യേശുവിന്റെ കർമ്മങ്ങളും യേശുവിന്റെ ദൈവത്വത്തെ വെളിപ്പെടുത്തുന്നു.

അടുത്തത് യേശുവിന്റെ അധികാരത്തെക്കുറിച്ചാണ്. ജീവനെടുക്കാനും ജീവൻ നല്കാനുമുള്ള അധികാരം ദൈവത്തിനു മാത്രമുള്ളതാകുന്നു. പിതാവ് മരിപ്പിക്കുന്നവനും മരിച്ചവർക്കു ജീവൻ നല്കുന്നവനുമാകുന്നു. അതുപോലെ തന്നെ പുത്രനും താൻ ഇച്ഛിക്കുന്നവർക്ക് ജീവൻ നല്കുന്നു (5:21). അതുകൊണ്ട് യേശു മരണത്തിന്റെയും ജീവന്റെയും അധികാരിയാണ്. അതിനാൽ യേശു പിതാവിനു സമനാണ്, പിതാവിന്റെ ദൈവത്വത്തിൽ പങ്കാളിയുമാണ്. തുടർന്നു കാണുന്നത് യേശു നിത്യജീവന്റെ സ്രോതസ്സാണ് എന്ന കാര്യമാണ്. യേശുവിന്റെ വാക്കിലും യേശുവിനെ അയച്ച പിതാവിലും വിശ്വസിക്കുകയാണ് നിത്യജീവൻ അവകാശപ്പെടുത്തുന്നവനുള്ള മാർഗ്ഗം. അവനു ശിക്ഷാവിധി ഉണ്ടാകുന്നില്ല, അവൻ മരണത്തിൽ നിന്നും ജീവനിലേക്കു കടന്നിരിക്കുന്നു (5:24) യേശുവിന്റെ വാക്കുകൾ ജീവദായകമാണ്. അതു മരിച്ചവരെ ജീവനിലേക്കു തിരികെക്കൊണ്ടു വരുന്നു. യേശു മരിച്ചവർക്കു ജീവൻ നല്കുന്ന അത്ഭുതങ്ങളുടെ അനുസ്മരണ ഈ വാക്കുകളിലുണ്ട്. ഇവിടെയും യേശുവിന് പിതാവിനോടുള്ള സമാനതയാണ് പ്രഘോഷിക്കപ്പെടുന്നത് (5:25).

വിധിയെക്കുറിച്ചാണ് പിന്നീട് പറഞ്ഞത്. പിതാവാണ് ലോകത്തിന്റെ വിധികർത്താവ് എന്ന മുന്നറിയിപ്പ് യേശു തിരുത്തുന്നു: പിതാവ് ആരെയും വിധിക്കുന്നില്ല; വിധി മുഴുവൻ അവിടുന്നു പുത്രനെ ഏല്പിക്കുന്നു. പിതാവിനെ ആദരിക്കുന്നതുപോലെതന്നെ എല്ലാവരും പുത്രനെ ആദരിക്കേണ്ടതിനാണ് ഇത് (5:22-23). വിധിക്കാനുള്ള അധികാരം യേശുവിനും നല്കപ്പെട്ടതിന്റെ വേറൊരു കാരണം യേശു മനുഷ്യപുത്രനാണ് എന്നതാണ് (5:28). യേശുവിന് ഏറെ പ്രിയപ്പെട്ട ആത്മപ്രകാശനമാണ് 'മനുഷ്യപുത്രൻ.' എൺപതിലധികം പ്രാവശ്യം യേശു ഈ സംജ്ഞ സുവിശേഷത്തിൽ ഉപയോഗിക്കുന്നുണ്ട്. ദാനിയേലിന്റെ പുസ്തകത്തിലാണ് ഈ പ്രയോഗം ആദ്യമായി കാണുന്നത്:

"നിശാദർശനത്തിൽ ഞാൻ കണ്ടു, ഇതാ വാനമേഘങ്ങളോടുകൂടെ മനുഷ്യപുത്രനേപ്പോലെ ഒരുവൻ വരുന്നു. അവനെ പുരാതനനായവന്റെ മുമ്പിൽ ആനയിച്ചു. എല്ലാ ജനതകളും ജനപദങ്ങളും ഭാഷക്കാരും അവനെ സേവിക്കേണ്ടതി ന് ആധിപത്യവും മഹത്വവും രാജത്വവും അവനു നല്കി. അവന്റെ ആധിപത്യം ശാശ്വതമാണ്; അത് ഒരിക്കലും ഇല്ലാതാവുകയില്ല. അവന്റെ രാജത്വം അനശ്വരമാണ്" (ദാനി 7:13-14). ദാനിയേലിന്റെ ഈ ദർശനം യേശുവിൽ സാക്ഷാത്ക്കരിക്കപ്പെടുന്നു. യേശു സ്വർഗ്ഗത്തിൽ നിന്നു വന്നവനെങ്കിലും മനുഷ്യനോട് സമ്പൂർണ്ണമായി തന്മയീഭവിച്ചവനാണ്. മനുഷ്യരെ വിധിക്കാൻ 'മനുഷ്യപുത്രനോളം' യോഗ്യത മറ്റാർക്കുമില്ല.

അവസാനമായി മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും അധികാരി

യേശുവാണെന്ന് സുവിശേഷം പ്രഖ്യാപിക്കുന്നു (5:29). പഴയനിയമത്തിൽ വിധിയും പുനരുത്ഥാനവും ദൈവത്തിന്റെ മാത്രം അധികാരത്തിൽപ്പെടുന്നതാണ്: "ഇതാ ഞാനാണ്, ഞാൻ മാത്രമാണ് ദൈവം; ഞാനല്ലാതെ വേറെ ദൈവമില്ല; കൊല്ലുന്നതും ജീവിപ്പിക്കുന്നതും ഞാൻ" (നിയ 32:39). "കർത്താവ് ജീവൻ എടുക്കുകയും കൊടുക്കുകയും ചെയ്യുന്നു. അവിടുന്ന് പാതാളത്തിലേക്കിറക്കുകയും അവിടെ നിന്നു കയറ്റുകയും ചെയ്യുന്നു" (1 സാമു 2:6). ദൈവത്തിന്റെ പരമമായ ഈ അധികാര വും തന്നിൽ നിക്ഷിപ്തമാണെന്ന് യേശു പ്രഖ്യാപിക്കുന്നു. എന്തെന്നാൽ കല്ലറകളിലുള്ളവരെല്ലാം അവന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു. അ പ്പോൾ നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിനായും തിന്മ ചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തുവരും.

യേശു സാബത്തു ലംഘിച്ചു, തന്നെത്തന്നെ ദൈവതുല്യനാക്കി എന്നായിരുന്നല്ലോ യഹൂദരുടെ ആരോപണങ്ങൾ. അതു നിഷേധിക്കാതെ തന്നെ, താൻ ജീവന്റെയും മരണത്തിന്റെയും അധികാരിയാണെന്നും അതിനു തനിക്ക് അവകാശമുണ്ടെന്നും ഉദ്ഘോഷിക്കുന്ന പ്രഭാഷണമാണിത്. 'അധികാരിയായി' യേശുവിനെ ഹൃദയത്തിൽ സ്വീകരിക്കാത്തവർക്ക് യേശുവിന്റെ വഴിയേ സഞ്ചരിക്കാനാവില്ല.

ജ്ഞാനദാസ്